പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 2415 | 19.6.2013 ലെ മറുപടിയ്ക്ക്

## കുറ്റ്യാടി ജലസേചന പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | കുറ്റ്യാടി ജലസേചന പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത് ; | (എ) | 1973 ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 1993 ൽ പൂർണ്ണമായി കമ്മീഷൻ ചെയ്തതായി കണക്കാക്കി വിജ്ഞാപനമിറക്കി |
| (ബി) | പ്രസ്തുത പദ്ധതികൊണ്ട് ഏതെല്ലാം പ്രദേശങ്ങളിൽ ജലസേചനസൗകര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ; അറിയിക്കുമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി , കോഴിക്കോട് എന്നീ താലൂക്കുകളിലെ 14568 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിട്ടത് |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യംകൈവരിക്കാൻകഴിഞ്ഞിട്ടുണ്ടോ | (സി) | ഏകദേശം 90% ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് |
| (ഡി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ഡി) | 40 വർഷം മുൻപ് നിർമ്മിച്ച പല സ്ട്രക്ച്ചറുകളും കേടുപാടുകൾ വന്നതുമൂലമാണ് മുഴുവൻ പ്രദേശങ്ങളിലും ജലസേചനം നടത്താൻ കഴിയാത്തത് |
| (ഇ) | തടസ്സങ്ങൾ ഒഴിവാക്കി പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) | ഉണ്ട് |
| (എഫ്) | എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (എഫ്) | ചോർച്ച തടയുന്നതിന് പ്രധാന കനാലുകളിൽ കോൺക്രീറ്റ് ലൈനിംഗ് ചെയ്ത് സംരക്ഷിക്കുക, അക്വഡക്ടുകളിലും,സ്ട്രക്ച്ചറുകളിലും അറ്റകുറ്റപണി നടത്തി ബലപ്പെടുത്തുക എന്നീ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശി ക്കുന്നുണ്ട്. ഇതിനായി AIBP യിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ